"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കൊല്ലം ജില്ല - റോഡുകളുടെ പുനരുദ്ധാരണം - പത്തനാപുരം ബ്ലോക്കിൽപ്പെട്ട പട്ടാഴി ഗ്രാമപഞ്ചായത്തിലെ വയലാ- കഴുതുരുട്ടി പ്രവൃത്തിയുടെ പൂർത്തീകരണത്തിലുണ്ടായ കാലതാമസം മാപ്പാക്കി അന്തിമബിൽ തുക അനുവദിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.391/2025/DMD തീയതി,തിരുവനന്തപുരം, 12-06-2025

---

പരാമർശം:-
1. 06.11.2020 തീയതിയിലെ സ. ഉ. (സാധാ) നമ്പർ 898/2020/ഡി.എം.ഡി.
2. കൊല്ലം ജില്ലാകളക്ടറുടെ 25.03.2025 തീയതിയിലെ DCKLM/9583/2021-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാലവർഷക്കെടുതികളിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്കിൽപ്പെട്ട പട്ടാഴി ഗ്രാമപഞ്ചായത്തിലെ വയലാ - കഴുതുരുട്ടി റോഡ് പ്രവൃത്തിക്ക് 9,00,000/- രൂപ (ഒൻപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്നു. മഴക്കാലവും റോഡിലെ വെള്ളക്കെട്ടും അതിനെ തുടർന്നുള്ള ഇലക്ഷൻ പെരുമാറ്റച്ചട്ടവും കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം സംഭവിച്ചുവെന്നും ടി പ്രവൃത്തി നിലവിൽ തൃപ്തികരമായി പൂർത്തീകരിച്ചുവെന്നും, മേൽ സാഹചര്യത്തിൽ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടതിലെയും പൂർത്തീകരണ കാലാവധിക്ക് ശേഷം പ്രവൃത്തി പൂർത്തീകരിച്ചതിലെയും കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ജില്ലാകളക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും ജില്ലാകളക്ടറുടെ ശിപാർശയും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം 9,00,000/- രൂപ (ഒൻപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്ന, കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്കിൽപ്പെട്ട പട്ടാഴി ഗ്രാമപഞ്ചായത്തിലെ വയലാ - കഴുതുരുട്ടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് കാലാവധിക്ക് ശേഷം കരാറിൽ ഏർപ്പെട്ട നടപടി സാധൂകരിച്ചും പ്രവൃത്തി പൂർത്തീകരിച്ചതിലെ കാലതാമസം മാപ്പാക്കിയും അന്തിമ ബിൽ തുകയിൽ നിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡ പ്രകാരം പൂർത്തീകരിച്ച പ്രവൃത്തിക്ക് വേണ്ടി ചെലവായ തുക മാത്രം അനുവദിക്കുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ആഡിറ്റ്/(എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാകളക്ടർ, കൊല്ലം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ.&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം. DMB2/82/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 16-06-2025 12:11:27
സെക്ഷൻ ഓഫീസർ

പകർപ്പ് : ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്